**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 990.

20.03.2013-ലെ മറുപടിയ്ക്ക്

**പാതിരാമണൽ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.തിലോത്തമൻ** | | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | പാതിരാ മണൽ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്കു വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വിശദമാക്കാമോ; പാതിരാമണലിന്റെ വികസനത്തിനും അതുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിക്കും പണം അനുവദിച്ച് പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പാരിസ്ഥിതിക വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന പ്രശ്നങ്ങളെ തുടർന്ന് പാതിരാമണൽ ടൂറിസം പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാവാതെ വന്നിട്ടുണ്ട്. പണം അനുവദിച്ചിട്ടും പല കാരണങ്ങളാൽ പദ്ധതി മുമ്പോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ടൂറിസ്റ്റുകൾ എന്ന വ്യാജേന പാതിരാമണലിൽ കടന്ന് പ്രകൃതി വിഭവങ്ങൾ കടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടികൾ കൈക്കൊണ്ടു എന്നും എത്ര കുറ്റവാളികളെ ഇതുമായി ബന്ധപ്പെട്ട് പിടിച്ചു എന്നും വ്യക്തമാക്കാമോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും പാതിരാമണലിനെ സംരക്ഷിക്കുവാനും എന്തെല്ലാം നടപടികൾ ടൂറിസം ഡിപ്പാർട്ട്മെന്റ് കൈക്കൊള്ളുമെന്ന് വിശദമാക്കാമോ? | (ബി) | ടൂറിസ്റ്റുകൾ എന്ന വ്യാജേന പാതിരാമണലിൽ കടന്ന് പ്രകൃതി വിഭവങ്ങൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കും മറ്റും നടപടി സ്വീകരിക്കുന്നത് ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്ന സംഗതിയല്ല. |

സെക്ഷൻ ഓഫീസർ